**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** — **23-07-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽ ഉള്ളവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ കുടിവെള്ളം- 3,00,000/- രൂപ 2. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ ത്രീഫേസ് കണക്ഷൻ-1,08,000/- രൂപ 3. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തൽ- 71,400/-രൂപ 4. പെരുങ്കുന്ന് ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗ് 3,35,000/- രൂപ 5. മൂണ്ടാന്നൂർ വള്ളുവകോളനി റോഡ് ഡ്രൈനേജ് നിർമ്മാണം-9,37,732/-രൂപ 6. ചക്യാറ കോളനി റോഡിന് സംരക്ഷണ ഭിത്തി 23,50,000/- രൂപ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സാമ്പത്തിക വികസന, സാമൂഹ്യ ക്ഷേമ സാംസ്കാരിക പദ്ധതികൾ ഇരിക്കൂർമണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു. മണ്ഡല പരിധിയിൽ വകുപ്പിന്റെ ഒരു പ്രീമെട്രിക് ഹോസ്റ്റലും ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. പിന്നാക്കവിഭാഗ വികസന വകുപ്പ് OBC വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിലവിൽ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ, വികസന, ക്ഷേമ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്നവയാണ്. മണ്ഡലം കേന്ദ്രീകരിച്ച് പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ